# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മെയ് 11**

---

- *മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും*
- *വൈസ് ചാൻസലർ പ്രഫ. സാബു തോമസിനെ ആദരിക്കും*

## നാനോ സയൻസ് ത്രിദിന രാജ്യാന്തര സമ്മേളനം ഇന്നു മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന നാനോ സയൻസ് ത്രിദിന രാജ്യാന്തര സമ്മേളനം ഇന്ന്(മെയ് 12) ആരംഭിക്കും. സർവകലാശാലയിലെ ഇൻറർ നാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയും സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും സംയുക്തമായി ആതിഥ്യമരുളുന്ന സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള 350 പ്രതിനിധികൾ നേരിട്ടും ഓൺലൈനിലുമായി പങ്കെടുക്കും.

സമ്മേളനവും വൈസ് ചാൻസലർ പ്രഫ. സാബു തോമസിൻറെ മുൻ ഗവേഷണക വിദ്യാർഥികളുടെ ഒത്തുചേരലും നാളെ(മെയ് 13) രാവിലെ 11.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യും. പോളിമെർ സയൻസ് മേഖലയ്ക്ക് പ്രഫ. സാബു തോമസ് നൽകിയ സംഭാവനകൾ പരിഗണിച്ച് അദ്ദേഹത്തെ ആദരിക്കുന്ന ചടങ്ങിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള അക്കാദമിക്, വ്യവസായ മേഖലകളിലെ വിദഗ്ധർ പങ്കെടുക്കും. മികച്ച പി.എച്ച്.ഡി, പി.ജി. പ്രബന്ധങ്ങൾക്ക് പ്രഫ. സാബു തോമസിൻറെ പേരിൽ പൂർവ്വവിദ്യാർഥി കൂട്ടായ്മ ഏർപ്പെടുത്തിയ പുരസ്കാരങ്ങളും പരിപാടിയിൽ സമ്മാനിക്കും.

മൂന്നു വേദികളിലായി നടക്കുന്ന രാജ്യാന്തര സമ്മേളനത്തിൻറെ പ്രധാന വേദി സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയമാണ്. നാനോടെക്നോളജി, പോളിമെർ സയൻസ് എന്നിവയുമായി ബന്ധപ്പെട്ട വിവിധ വിഷയ മേഖലകളിലെ ഏറ്റവും പുതിയ പ്രവണതകൾ, കണ്ടെത്തലുകൾ, വ്യാവസായിക സാധ്യതകൾ, വെല്ലുവിളികൾ എന്നിവ സമ്മേളനം ചർച്ച ചെയ്യും.

നാനോ പദാർത്ഥങ്ങളുടെ രൂപഘടന, സ്വഭാവം തുടങ്ങിയവയും വിവിധ മേഖലകളിലെ ഉപയോഗവും സംബന്ധിച്ച സംയുക്ത പഠന പദ്ധതികൾക്കും പരിപാടി മുൻഗണന നൽകുന്നു. സമ്മേളനത്തിലെ അവതരണങ്ങൾ രാജ്യാന്തര തലത്തിലുള്ള ജൂറി പരിശോധിച്ച് ഷോർട്ട്

ഇൻവൈറ്റഡ് ടോക്, പോസ്റ്റർ വിഭാഗങ്ങളിൽ മികച്ചവയ്ക്ക് ആറു പുരസ്കാരങ്ങൾ വീതം നൽകും.

ഇതിനു പുറമെ അമേരിക്കൻ കെമിക്കൽ സൊസൈറ്റി, യു.കെയിലെ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രി, ജർമനിയിലെ സ്പ്രിംഗർ എന്നിവയുടെ സയൻസ് പ്രസിദ്ധികരണങ്ങൾ മികച്ച അവതരണങ്ങൾക്കായി 20 പുരസ്കാരങ്ങളും സർട്ടിഫിക്കറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

(പി.ആർ.ഒ/39/498/2023)

## എം.ജി ക്യാറ്റ്; ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠനവകുപ്പുകളിലെയും, ഇൻറർ സ്കൂൾ സെൻററുകളിലെയും വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രമുകളിലേക്കുള്ള(എം.എ ലൈഫ് ലോംഗ് ലേണിംഗ് പ്രോഗ്രാം ഒഴികെ) പ്രവേശന പരീക്ഷയുടെ ഹാൾ ടിക്കറ്റുകൾ സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് മെയ് 20,21 തീയതികളിൽ നടക്കുന്ന പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

ഫോൺ: 0481 2733595, ഇ-മെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/499/2023)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ ബി.വോക് ബ്രോഡ് കാസ്റ്റിംഗ് ആൻറ് ജേണലിസം(ന്യു സ്കീം - 2022 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും റീ-അപ്പിയറൻസും, 2019,2018 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഫെബ്രുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 18ന് കളമശ്ശേരി സെൻറ് പോൾസ് കോളജിൽ നടക്കും.

..................................

മൂന്നാം സെമസ്റ്റർ എം.സി.എ(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി - ഏപ്രിൽ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 18 മുതൽ അതത് കോളജുകളിൽ നടക്കും.

..................................

മൂന്നാം സെമസ്റ്റർ എം.എസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി - ഫെബ്രുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 16 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/500/2023)

## പരീക്ഷാ ഫലം

2023 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(2019 അഡ്മിഷൻ റഗുലർ, 2015 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2013,2014 അഡമിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

...................

മൂന്നാം സെമസ്റ്റർ എം.എ മലയാളം പി.ജി.സി.എസ്.എസ്(2012 മുതൽ 2016 വരെ അഡ്മിഷനുകൾ സപ്ലിമെൻററി - ഏപ്രിൽ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷമ പരിശോധനയക്കും നിശ്ചിത ഫീസ് അടച്ച് മെയ് 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

............................

2022 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം ആൻറ് ട്രാവൽ മാനേജ്മെൻറ്(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷമ പരിശോധനയക്കും മെയ് 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/501/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**